# ദിവ്യ ഔഷധമായ മോർ അത്താനാസിയോസ്



Fr George Varghese Vayaliparambil

"വീഥിയുടെ നടുവിൽ ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽ നിന്നു പുറപ്പെടുന്നതായി പളുങ്കുപോലെ ശുഭ്രമായ ജീവജലനദിയും അവൻ എന്നെ കാണിച്ചു. നദിക്കു ഇക്കരെയും അക്കരെയും ജീവവൃക്ഷം ഉണ്ടു; അതു പന്ത്രണ്ടുവിധം ഫലം കായിച്ചു മാസംതോറും അതതു ഫലം കൊടുക്കുന്നു; വൃക്ഷത്തിന്റെ ഇല ജാതികളുടെ രോഗശാന്തിക്കു ഉതകുന്നു." Revelation 22:1-2

പരിശുദ്ധനായ വലിയ തിരുമേനിയെ കുറിച്ചു പറയുമ്പോൾ എനിക്കു നൽകുവാനുള്ള സാക്ഷ്യം ഇതാണു 'രോഗികളുടെ ഔഷധമാണു പരിശുദ്ധ പിതാവു'. അനുഭവങ്ങളാണു മനുഷ്യനെ മുന്നോട്ടു നയിക്കുന്ന ശക്തി. മോർ അത്താനാസിയോസ് പിതാവിനെ കുറിച്ച എന്റെ 3 വർഷം മുൻപു വരെയുള്ള കാഴ്ചപ്പാടും വിലയിരുത്തലും അല്ല ഇന്നുള്ളതു. സഭ പരിശുദ്ധൻ എന്നു വർഷങ്ങളായി സാക്ഷ്യപ്പെടുത്തി മാധ്യസ്ഥത യാചിക്കുന്നു എങ്കിലും എന്റെ മനസ്സിൽ ഒരു ദിവ്യാത്മാവായി പരിശുദ്ധ പിതാവു സ്വീകരിക്കപ്പെടുന്നതു എന്റെ ജീവിതത്തിലെ 3 വർഷം മുൻപുള്ള ഒരു അനുഭവത്തിന്റെ പശ്ചാതലത്തിൽ മാത്രമാണു.

ഞാൻ ബാംഗ്ലൂർ ധർമാരാം വിദ്യാക്ഷേത്രത്തിൽ സ്പിരിറ്റ്വാലിറ്റി ആൻഡ് കൗൺസെലിങ്ങ്ൽ മാസ്റ്റേർസ് ഡിഗ്രി ചെയ്യുന്ന രണ്ടാം വർക്ഷം, എന്റെ വലതു കാലിന്റെ അടിയിൽ ആണി രോഗം ബാധിച്ചു. വലതുകാലിൽ 3 സ്ഥലത്തു ആണിരോഗം ബാധിച്ചു. ഏകദേശം 8 മാസക്കാലം ഞാൻ വളരെ വേദന സഹിച്ചു. ഈ വേദനയും ആയി ഞാൻ നടക്കുമ്പോൾ എന്റെ മനസ്സിൽ പരിശുദ്ധ ആത്മാവു എന്നോടു സംസ്സാരിക്കുന്നതായി എനിക്കനുഭവപ്പെട്ടു, 'നിന്റെ നടപ്പുകൾ നേരെ ആക്കണം'. ഞാൻ ധർമാരാം വിദ്യാക്ഷേത്രത്തിൽ 313-ാം നംബർ മുറിയുടെ തറയിൽ പായയിൽ ഇരുന്നു കാലിലേയും കയ്യിലേയും നഖം വെട്ടുമ്പോൾ, അതിന്റെ കൂടെ ഈ കാലിലെ രോഗ ബാധിതമായ സ്ഥലത്തു വളർന്നിരിക്കുന്ന കട്ടിയുള്ള ദശ ചെത്തികളയും, കുറച്ചു ദിവസത്തേക്കു ഒരു ആശ്വാസം എനിക്കു ലഭിക്കും. ഒരു വൈദീകനായി ശുശ്രൂഷ ചെയ്യുന്ന എനിക്കു 'നിന്റെ നടപ്പുകൾ നേരെ ആക്കണം' എന്നു എന്റെ മനസ്സിൽ ആത്മാവു മന്ത്രിക്കുന്നതിന്റെ സാരാംശം തിരിച്ചറിയുവാൻ എന്റെ പരിശുദ്ധ പിതാവിന്റെ അടുക്കലോളം ചെല്ലേണ്ടി വന്നു. 2005 ഡിസം. 1-ാം തീയതി, ഞാൻ പൗരോഹിത്യം സ്വീകരിച്ചു കഴിഞ്ഞു ആദ്യ വർക്ഷം പെരുന്നാൾ ദിനത്തിന്റെ തലേ ദിവസം പ്രദിക്ഷണത്തിനു കാപ്പ ധരിച്ചു ബഹുമാനപ്പെട്ട എൽദോസ് അച്ചനോടൊപ്പം വിശുദ്ധ ശാബോർ അഫ്രോത്ത് പിതാക്കന്മരുടെ സ്താനത്തു നിന്നു പ്രദക്ഷണം നയിക്കുവാൻ എന്നെ ബഹുമാനപ്പെട്ട വികാരിയും ട്രുസ്റ്റീമാരും വിളിച്ചു പറഞ്ഞതിന്റെ അടിസ്താനത്തിൽ ഞാൻ പ്രദക്ഷണത്തിനു സമ്പന്ധിച്ചു.

പ്രദിക്ഷണം പള്ളിയുടെ വടക്കു വശത്തു ശ്രീ പൈനാടത്തു പോൾ വർഗീസ് ദാനമായി പള്ളിക്കു സമർപ്പിച്ചിരിക്കുന്ന വലിയ തിരുമേനിയുടെ നാമത്തിൽ ഉള്ള കുരിശിതൊട്ടിയിൽ എത്തിയപ്പോഴേക്കും കാലിൽ ആണി രോഗം ഉള്ള ഭാഗത്തെ വേദന സഹിക്കാൻ വയ്യാതെ ഞാൻ ഏറെ വിഷമിച്ചു. ഞാൻ എന്റെ ജീവിതത്തിൽ മനസറിഞ്ഞു എന്റെ ഒരാവശ്യത്തിനായി പ്രാർത്ഥിക്കുന്നതു അന്നാണു. ഞാൻ മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കും എങ്കിലും എന്റെ ആവശ്യങ്ങൾക്കായി പ്രാർത്ഥിക്കുമായിരുന്നില്ല. എന്നെ വിളിച്ചവനായ ദൈവം എന്നെ നടത്തിക്കോളും എന്ന ഒരു ചിന്തയാണു, സ്വന്തം ആവശ്യം ദൈവസന്നിധിയിൽ ചോദിച്ചു വാങ്ങുന്നതിൽ നിന്നും എന്നെ പിന്തിരിപ്പിച്ച സംഗതി. ഒരു പരിധിവരെ അതു എന്റെ അഹങ്കാരമോ അല്ലെങ്കിൽ സ്വയം നീതീകരനത്തിന്റെ പ്രതിഫലനമോ ആകാം. ഏന്തുമാകട്ടെ എന്റെ പിതാവിന്റെ കുരിശും തൊട്ടിയിൽ ഞാൻ മുട്ടുകൾ മടക്കി പ്രാർത്ഥിച്ചു. എന്റെ ജീവിതത്തിൽ ഈ ദിവസം ഒരു വലിയ ചിന്ത പരിശുദ്ധാത്മാവു പകർന്നു തന്നു. ക്രിസ്തീയ ജീവിതം സമർപ്പണത്തിന്റെ ജീവിതമാണു. അവിടെ ഞാൻ എന്ന ചിന്തക്കു പ്രസക്തിയില്ല എല്ലാം ദൈവത്തിന്റെ ക്രിപ. ഞാൻ അന്നു രാത്രി 12.30 ആയപ്പോഴേക്കും എന്റെ വീട്ടിൽ എത്തി. പിറ്റെ

ദിവസം രാവിലെ 6.00 മണിക്കു ദേവാലയത്തിലെ ആദ്യത്തെ കുർബ്ബാന അർപ്പിക്കുവാൻ എന്നെ പള്ളിയിൽ നിന്നും ചുമതലപ്പെടുത്തിയിരുന്നു. ഞാൻ വീണ്ടും വലിയതിരുമേനിയുടെ മധ്യസ്തതയിൽ അഭയപ്പെട്ടുകൊണ്ടു കിടന്നു. ഞാൻ പിറ്റെ ദിവസം ബലിയർപ്പിച്ചു എന്റെ വീട്ടിലേക്കുമടങ്ങുമ്പോൾ ബഹുമാനപ്പെട്ട വികാരി പൗലോസ് അറക്കപ്പറമ്പിൽ അച്ചൻ എന്നോടു പറഞ്ഞു, ''ജനുവരി 25നു പരിശുദ്ധ വലിയ തിരുമേനിയുടെ കബറിങ്കലേക്കു തീർത്ഥയാത്ര പോകുന്ന ദിവസം അച്ചൻ കുർബ്ബാന ചൊല്ലണം. അച്ചനും പൈനാടൻ അല്ലേ കുടുംബക്കാരന്റെ ഉത്തരവാദിത്ത്വം ആണു ഇതു''. ഞാൻ അച്ചന്റെ വാക്കുകൾ സമ്മതിച്ചിട്ടു തിരിച്ചു ബാംഗ്ലൂർക്കു പോയി. ഏകദേശം 10ഓ 12ഓ ദിവസങ്ങൾക്കു ശേഷം ഞാൻ എന്റെ റൂമിൽ ഇരുന്നു പതിവുപോലെ നഖം വെട്ടിയതിനു ശേഷം ആണിരോഗം ഉണ്ടായിരുന്ന ഭാഗത്തു തൊലി ചെത്തികളയാൻ നോക്കുമ്പോൾ അവിടെ ഒരു പാടു പോലും ഇല്ലാത്ത വിധം സൗഖ്യം പ്രാപിച്ചിരിക്കുന്നതായി എനിക്കു ബോധ്യമായി.....

എന്റെ കാലിൽ ഡിസം 1–ാം തീയതിക്കു ശേഷം ഒരു വേദന ഇല്ലാ.. എന്നതായിരുന്നു എന്റെ സൗഖ്യത്തെ ഞാൻ തിരിച്ചറിയാൻ വൈകിയതു. ഞാൻ 25–ാം തീയതി വിശുദ്ധ കുർബ്ബാന അർപ്പിച്ചതിനു ശേഷം ബഹുമാനപ്പെട്ട വികാരി അച്ചൻ എന്നോടു പറഞ്ഞു അച്ചൻ എന്തെങ്കിലും ഒരു മെസ്സേജ് കൊടുക്കണം. ഞാൻ ഇടദിവസത്തെ കുർബാന ആയിരുന്നതു കൊണ്ടു പ്രസംഗത്തിനായി പ്രാർത്ഥിച്ചു ഒരുങ്ങിയിരുന്നില്ല. എന്നൽ ഞാൻ വിശുദ്ധ ബൈബിൾ എടുത്തിട്ടു വിശുദ്ധ ത്രോണോസിന്റെ മുൻപിൽ മുട്ടുകൾ മടക്കി. എന്തു മെസ്സേജ് കൊടുക്കും എന്നു ചിന്തിച്ചു പരിശുദ്ധാതാവിന്റെ സഹായത്തിനായി ഞാൻ യാചിക്കുമ്പോൾ എന്റെ മനസിൽ ഒരു ദൈവ വചനം ഇപ്പ്രകാരം മന്ത്രിച്ചു. നിങ്ങൾ പള്ളികളിലും തെരുകോണുകളിലും പ്രസംഗിപ്പാനായി പോകുമ്പോൾ എന്തു പറയണം എന്നു വിചാരപ്പെടേണ്ട പറയേണ്ടതു പരിശുദ്ധാത്മാവ് ആ നാഴികയിൽ നൽകി കൊള്ളും. ഞാൻ വിശ്വാസ പൂർവ്വം വചനം എടുത്തു വായിച്ചു. വെളിപാടു 22:1 മുതലുള്ള വാക്യങ്ങളാണു എനിക്കു ലഭിച്ചതു അതിന്റെ വ്യാക്യാനവും പരിശുദ്ധാത്മാവു എനിക്കു പറഞ്ഞു തന്നു.

"വീഥിയുടെ നടുവിൽ ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽ നിന്നു പുറപ്പെടുന്നതായി പളുങ്കുപോലെ ശുഭ്രമായ ജീവജലനദിയും അവൻ എന്നെ കാണിച്ചു. നദിക്കു ഇക്കരെയും അക്കരെയും ജീവവൃക്ഷം ഉണ്ടു; അതു പന്ത്രണ്ടുവിധം ഫലം കായിച്ചു മാസംതോറും അതതു ഫലം കൊടുക്കുന്നു; വൃക്ഷത്തിന്റെ ഇല ജാതികളുടെ രോഗശാന്തിക്കു ഉതകുന്നു." Revelation 22:1-2

കുഞ്ഞാട് ക്രിസ്തുവും; പളുങ്കുപോലെ ശുഭ്രമായ ജീവജലനദി പരിശുദ്ധത്മാവും; പന്ത്രണ്ടുവിധം ഫലം കായിച്ചു മാസംതോറും അതതു ഫലം കൊടുക്കുന്ന നദിക്കു ഇക്കരെയും അക്കരെയും ഉള്ളതായ ജീവവൃക്ഷം പുതിയനിയമ സഭയും പഴയ നിയമ സഭയും അതിലെ 12 ഗോത്ര പിതാകന്മാരും 12 അപ്പോസ്തൊലന്മാരും; ജാതികളുടെ രോഗശാന്തിക്കു ഉതകുന്ന വൃക്ഷത്തിന്റെ ഇല - സഭയിലെ വിശുദ്ധന്മാരെയും ശുദ്ധിമതികളെയും കുറിക്കുന്നു.

നിൻവൽസലർ പന്തിരു ശ്ലീഹർ പ്രാർത്ഥന മൂലം
വാഴ്ത്തുക നാഥ ക്രിപയാലെ പന്തിരു മാസങ്ങൾ
വന്നീടുക കാലാകാലം വേനൽ വർഷം
നന്മകൾ നാഥൻ നൽകട്ടെ വിളഭൂമികൾ വിളവും
ഫലമൂലാതികൾ വളരാനായി
വാഴ്‌വേറും വൃഷ്ടിയുമേകണമേ
നിർദ്ധനരവശർ ഭക്ഷിച്ചു
നിൻ സ്തുതി പാടീടാൻ.

സഭയുടെ പരിശുദ്ധമായ ഈ ഗാനം ഈ വേദഭാഗങ്ങൾ അടിസ്ഥാനപ്പെടുത്തി ഉള്ളതാണ്. ഈ സത്യവും എന്റെ ജീവിതത്തിൽ ഈ വചനഭാഗം വിശുദ്ധനായ വലിയ തിരുമേനിയുടെ മാധ്യസ്ഥ പ്രാർത്ഥന വഴിയായി അൽഭുത സൗഖ്യമായി അനുഭവപ്പെട്ടതും ഒരു നിമിഷം കൊണ്ടു മിന്നൽ പിണർ പോലെ വെളിപ്പെട്ടു കിട്ടി. ഞാൻ എന്റെ അനുഭവവും ഈ വജനവും ഈ ഗാനവും ജനത്തോടു പങ്കു വച്ചു അവിടെ അന്നു ദൈവാലയത്തിൽ ഉണ്ടായിരുന്ന അനേകർ എന്റെ അടുക്കൽ വന്നു അവരുടെ ജീവിതത്തിൽ സമാനമായ അനുഭവങ്ങൾ ഉണ്ടായിട്ടുള്ളതു പങ്കുവച്ചതും ദൈവത്തിന്റെ വിശുദ്ധന്റെ മധ്യസ്ഥതയിലൂടെയുള്ള ദൈവനടത്തിപ്പിനെ ഓർത്തു ദൈവത്തെ മഹത്ത്വപ്പെടുത്തിയതും ഒരു പുതിയ അനുഭവമായിരുന്നു.

പരിശുദ്ധ പിതാവിന്റെ നാമത്തിൽ ഓസ്ട്രേലിയായിൽ ഒരു പുതിയ കോൺഗ്രിഗേഷൻ ആരംഭിച്ച് അവിടെ ബലിയർപ്പിക്കുമ്പോൾ ഓരോ പ്രാവശ്യവും വിശുദ്ധനെ സ്മരിക്കുന്നതിനും വിശുദ്ധന്റെ ജീവിതത്തിലെ ഓരോ ഭാവവും എന്റെ ആത്മീയ ജീവിതത്തിന്റെ മുൻപോട്ടുള്ള ഗമനത്തിനുള്ള ഓരോ ചവിട്ടു പടികളായി കണ്ടു കൊണ്ടു ആ വിശുദ്ധിയുടെ പൂർണ്ണതയിലേക്കു വളരുവാൻ എന്നെ പ്രേരിപ്പിക്കുന്നു... സ്വയമായി ദൈവത്തിനു വേണ്ടി ഇല്ലാതായി തീരുവാൻ എന്നെ സമർപ്പിക്കുവാൻ എനിക്കു പ്രേരണയാക്കുന്നു....

ഇനിയും അറിയില്ല! അത്രയും വിശുദ്ധനാകണമെങ്കിൽ ഞാൻ ഇനി എത്രയോ ചെറുതാകണം....?

വിശുദ്ധന്റെ മധ്യസ്ഥത നമുക്കെല്ലാവർക്കും പരിശുദ്ധാത്മ അഭിഷേകത്തിനും രോഗ സൗക്യത്തിനും ഇടയായി തീരട്ടെ... പരിശുദ്ധ പിതാവെ ഞങ്ങൾക്കെല്ലാവർക്കും അവിടന്നു മദ്ധ്യസ്ഥനായിരിക്കണമേ.